## തസ്വഭവ-പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

04/05/2024 തീയതി ചേർന്ന ജില്ലാതല സ്ഥിരം അദാലത്ത് സമിതി യോഗത്തിന്റെ മിനിട്ട്സ്

സ്ഥിരം അദാലത്ത് സംവിധാനവുമായി ബന്ധപ്പെട്ട് ജില്ലാതല അദാലത്ത് സമിതി യോഗം 04/05/2024 തീയതി 12 മണിക്ക് ജില്ലാ അദാലത്ത് സമിതി ചെയർമാനും തസ്വഭവ ജോയിൻറ് ഡയറക്ടറുമായ ശ്രീമതി.എം കെ ഉഷയുടെ അധ്യക്ഷതയിൽ ചേരുകയുണ്ടായി.

പങ്കെടുത്തവർ

1. ശ്രീമതി.എംകെ ഉഷ, പാലക്കാട് ജില്ലാ ജോയിന്റ് ഡയറക്ടർ, തസ്വഭവ

2. ശ്രീമതി.ശുഭ ടിഎസ്, അസിസ്റ്റന്റ് ഡയറക്ടർ, തസ്വഭവ

3. ശ്രീ.ജലജ സി, അസിസ്റ്റന്റ് ഡയറക്ടർ (ഐ വി ഒ ഇൻചാർജ്ജ്) ,തസ്വഭവ

4. ശ്രീമതി.ദീപ, ജില്ലാ ടൌൺ പ്ലാനർ, തസ്വഭവ

5.ശ്രീ.സാം വൈദ്യനാഥൻ, എക്സിക്യൂട്ടീവ് എഞ്ചിനിയർ, തസ്വഭവ

6.സെക്രട്ടറി –കണ്ണാടി ഗ്രാമപഞ്ചായത്ത്

7.അസിസ്റ്റന്റ് എഞ്ചിനിയർ- കണ്ണാടി ഗ്രാമപഞ്ചായത്ത്

8.ശ്രീമതി.പ്രസന്നകുമാരി(സെക്രട്ടറി/പ്രസിഡന്റ്) ടേസ്റ്റ് & ബഡ്സ് റസ്റ്റോറന്റ്, കണ്ണാടി-പരാതിക്കാരി

9.ശ്രീ.മുകുന്ദൻ വി കെ- സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും ഉടമസ്ഥൻ

അജണ്ട - കുടുംബശ്രീ സംരഭം (ടേസ്ററ് ആന്റ് ബ്ലെന്റ്സ് റെസ്റ്റോറന്റ്) പ്രവർത്തിക്കുന്ന കെട്ടിടത്തിന് നമ്പർ ലഭ്യമായില്ലെന്ന പരാതി

കണ്ണാടി വടക്കുമുറി നാഷണൽ ഹൈവേയ്ക്ക് സമീപം പ്രവർത്തിക്കുന്ന ടേസ്ററ് ആന്റ് ബ്ലെന്റ്സ് റെസ്റ്റോറന്റ് (കുടുംബശ്രീ സംരഭം) പ്രവർത്തിക്കുന്ന കെട്ടിടത്തിന് നമ്പർ ലഭ്യമായില്ലെന്നത് സംബന്ധിച്ച പരാതി ജില്ലാതല സ്ഥിരം അദാലത്ത് സമിതി പരിഗണിച്ചു.

ശ്രീ.മുകുന്ദൻ വി കെ, വിജയദീപം, വടക്കുമുറി, കണ്ണാടി എന്നവർ ടിയാന്റെ ഉടമസ്ഥതയിലുള്ള റീസർവ്വേ നമ്പർ 505/27(505/3)ൽ ഉൾപ്പെട്ടതും പരിവർത്തന അനുമതി ലഭിച്ചതുമായ 0.0972 ഹെക്ടർ ഭൂമിയിലെ 0.0895 ഹെക്ടർ ഭൂമിയിൽ വാണിജ്യാവശ്യത്തിന് നിർമ്മിച്ച കെട്ടിടം ക്രമവൽക്കരിക്കുന്നതിനായി കണ്ണാടി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷയും മറ്റ് അനുബന്ധങ്ങളും സമിതി പരിശോധിച്ചു. പ്രസ്തുത അപേക്ഷയിൻമേൽ കണ്ണാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനിയർ, ഉപജില്ലാസമിതി കൺവീനർ(4) തസ്വഭവ, എന്നിവരുടെ കാര്യാലയങ്ങളിൽ നിന്ന് നാളിതുവരെ നടത്തിയിട്ടുള്ള കത്തിടപാടുകളും സ്ഥലപരിശോധന റിപ്പോർട്ടും പരിശോധിച്ചതിൽ, നാഷണൽ ഹൈവേയിൽ നിന്ന് പ്രസ്തുത കെട്ടിടത്തിലേക്ക് നിയമാനുസൃത ദൂരപരിധി ലഭ്യമല്ല, നാഷണൽ ഹൈവേയിൽ നിന്ന് നേരിട്ട് പ്രവേശനം സാധ്യമാകുന്ന രീതിയിലുള്ള നിർമ്മാണമായതിനാൽ ആക്സസ് പെർമിറ്റ് ലഭ്യമാക്കണം, മഴവെള്ള സംഭരണി സ്ഥാപിച്ചിട്ടില്ല എന്നിങ്ങനെ സെക്രട്ടറി അറിയിച്ചിട്ടുള്ള ന്യൂനതകൾ നിലനിൽക്കുന്നതും സമിതി ചർച്ച ചെയ്തു.

പത്ത് വനിതകൾ ചേർന്ന് 60 ലക്ഷം രൂപ വായ്പയെടുത്ത് ആരംഭിച്ച സംരഭമാണെന്നും പ്രസ്തുത കെട്ടിടത്തിന് നമ്പർ ലഭ്യമാകാത്തതിനാൽ സാമ്പത്തിക ബാധ്യതയാൽ കടകെണിയിലാകുമെന്നും ആയത് പത്ത് കുടുംബങ്ങളെ ബാധിക്കുമെന്നും പരാതിക്കാരി ആശങ്ക അറിയിച്ചു. പ്രസ്തുത കെട്ടിടം 8 ഹട്ടുകളായാണ് നിർമ്മിച്ചിരിക്കുന്നതെന്നും ഡൈനിംഗിന് വേണ്ടി നിർമ്മിച്ച ഒരു കെട്ടിടത്തിന് മാത്രമാണ് ദൂരപരിധി കുറവെന്നും ആയത് ഒഴിവാക്കി മറ്റ് കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കണമെന്നും ഇതിൻമേൽ എന്തെങ്കിലും പ്രശ്നങ്ങൾ വരുകയാണെങ്കിൽ ആയത് അഴിച്ചുമാറ്റുന്നതാണ് എന്ന് സത്യവാങ്മൂലം നൽകാമെന്നും സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും ഉടമസ്ഥനായ ശ്രീ.വി കെ മുകുന്ദൻ അറിയിച്ചു. സമീപ പ്രദേശങ്ങളിൽ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ആയതിൽ വിരലിലെണ്ണാവുന്ന സ്ഥാപനങ്ങൾ മാത്രമാണ് ആക്സസ് പെർമിറ്റ് എടുത്തിട്ടുള്ളതെന്നും കുടുംബശ്രീയുടെ ചെറുകിട സംരഭമായതിനാൽ ആക്സസ് പെർമിറ്റിനായി നാഷണൽ ഹൈവേ അതോറിറ്റിയെ

സമീപിച്ചിട്ടില്ലെന്നും ശ്രീ.വി കെ മുകുന്ദൻ അറിയിച്ചു.

മേൽ സാഹചര്യത്തിൽ കണ്ണാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ള ന്യൂനതകൾ എല്ലാംതന്നെ നിലനിൽക്കുണ്ടെന്ന് വിലയിരുത്തിയ സമിതി ആയതെല്ലാം പരിഹരിച്ച് പുനരപേക്ഷ കണ്ണാടി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കുന്നതിന് അപേക്ഷകർക്ക് നിർദ്ദേശം നൽകി, ആയത് അംഗീകരിച്ച് തീരുമാനിച്ചു.

യോഗം കൃത്യം 1.30 PM ന് അവസാനിച്ചു.

Signed by
Usha M K
Date: 27-06-2024 17:30:15